# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5286 — 05.07.2012-ൽ മറുപടിയ്ക്ക്

**ഓഫീസ് വളപ്പിലെ മരംമുറിച്ച നടപടി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി |
| എ) | തിരുവനന്തപുരം നഗരത്തിലെ ഓഫീസ് കോമ്പൗണ്ടുകളിൽ നിന്നും മരങ്ങൾ മുറിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതിയെ നിയമിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ മരങ്ങൾ മുറിക്കുന്നതിന് മുമ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | ബി) | മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ ആ ജില്ലയിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാർ ഉത്തരവ് നം. ആർ.റ്റി.68/2010/വനം തീയതി 10.02.2010 പ്രകാരം നിയുക്തമായ കമ്മിറ്റിയെ വിളിച്ചുകൂട്ടും. ഈ കമ്മിറ്റിയാണ് മരംമുറിയുമായി ബന്ധപ്പെട്ട സ്ഥല പരിശോധന നടത്തുന്നതും, അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതും. ഇപ്രകാരം എടുക്കുന്ന തീരുമാനം ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കുന്നത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ്. |
| സി) | ഏത് വകുപ്പാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത് ? ഇപ്രകാരം നടപടികൾ പൂർത്തിയാക്കാതെ നഗരത്തിലെ ഏതെങ്കിലും ഓഫീസ് കോമ്പൗണ്ടിൽ നിന്നും മരങ്ങൾ മുറിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏത് ഓഫീസിനെ കുറിച്ചാണ് പരാതി ഉണ്ടായിട്ടുള്ളത് ? പ്രസ്തുത ഓഫീസ് മേധാവിയുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | സി) | സ്വതന്ത്ര നിലയിൽ പ്രവർത്തിക്കുന്ന ഈ കമ്മിറ്റിയെ നിയമിക്കുന്നതും ആയതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും വനം വകുപ്പാണ്.<br><br>നടപടികൾ പൂർത്തിയാക്കാതെ മരങ്ങൾ മുറിച്ചു മാറ്റിയതിന് പേരൂർക്കട ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടിനെതിരെ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ പേരൂർക്കട പോലീസിൽ പരാതി നൽകി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ